

## വിമലഭവൻ ആനിക്കാട്

സ്ഥാപനം : 1995

സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ കഴിയുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന സ്വപ്നത്തിന്റെ സാക്ഷാൽക്കാരമാണ് വിമലഭവൻ. ജേക്കബ് കുന്നപ്പിള്ളി അച്ചന്റെ ആഗ്രഹപ്രകാരം അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ white സഹോദരന്മാരുടെ ചെലവിൽ വികലാംഗരായ പെൺകുട്ടികൾക്കുവേണ്ടി സ്ഥാപിച്ചതാണ് വിമലഭവൻ. മഠം വക സ്ഥലത്ത് പണിതീർത്ത ഭവനത്തിൽ 1983 മുതൽ വികലാംഗരായ പെൺകുട്ടികൾ താമസിച്ച് വിവിധതരം തൊഴിലഭ്യസിച്ചുതുടങ്ങി. ഇപ്പോൾ പ്രധാനമായും തിരുവസ്ത്ര നിർമ്മാണമാണ് നടക്കുന്നത്. 1995-ൽ 4 പേരടങ്ങുന്ന സിസ്റ്റേഴ്സിന്റെ ഒരു സമൂഹം ഇവിടെ സ്ഥാപിതമായി. വിദേശസഹായവും, പ്രൊവിൻസിന്റെ സഹായവും വഴി ഇവരുടെ ചെലവുകൾ നടത്തുന്നു. 2009-ൽ പ്രൊവിൻസിന്റെ സഹായത്തോടെ പണിത കെട്ടിടത്തിൽ വികലാംഗരെയും ഫ്രീ ബോർഡിംഗ് കുട്ടികളെയും വേർതിരിച്ച് താമസിച്ചു തുടങ്ങി വിമലഭവന് ഇന്നത്തെ രൂപവും ഭാവവും നല്കാൻ ഏറെ കഷ്ടപ്പെട്ടത് ബ.ഫെലിസിറ്റാമ്മയാണെന്ന് നന്ദിയോടെ ഓർക്കുന്നു.